(സി) ലോവർ ഡിവിഷൻ ക്ലാർക്കിന്റെ പ്രൊമോഷൻ തസ്തിക അപ്പർ ഡിവിഷൻ ക്ലർക്കും കൂടാതെ ലോവർ ഡിവിഷൻ ക്ലാർക്കുമാരിൽ അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ യോഗ്യത ഉള്ളവരെ നിശ്ചിത അനുപാതത്തിൽ അസിസ്റ്റൻറ് ഗ്രേഡ് II ആയി ഉദ്യോഗക്കയറ്റവും നൽകുന്നു. അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ പ്രൊമോഷൻ തസ്തിക അസിസ്റ്റന്റ് ഗ്രേഡ് I-ഉം കമ്പ്യൂട്ടർ പ്രോഗ്രാമറുടേത് അസിസ്റ്റന്റ് മാനേജർ/ അക്കൗണ്ടന്റുമാണ്.

(ഡി) നിശ്ചയിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ എംപ്ലോയീസ് സർവ്വീസ് റൂൾ പ്രകാരം.

(എഫ്) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഇപ്പോഴത്തെ ആവശ്യകത അനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ നിലവിലില്ല. സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ നിയോഗിച്ചിട്ടുണ്ട്.

കള്ള് വ്യവസായ രംഗത്തെ നവീകരണം

103 (3734) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കള്ള് വ്യവസായത്തിന്റെ നവീകരണത്തിനും വികസനത്തിനും സർക്കാർ പരിഗണിക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) കള്ളുചെത്ത് വ്യവസായരംഗത്തെ തൊഴിലാളി സംയുക്ത സമരസമിതി ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ടോ ; ആവശ്യങ്ങളോടുള്ള സർക്കാർ നിലപാട് വിശദമാക്കാമോ;

(സി) ടോഡി ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) തൊഴിലാളികളുടെ ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരമ്പരാഗത തൊഴിലധിഷ്ഠിതമായ വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തേയും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വിൽപ്പന നടത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കള്ള് വ്യവസായ മേഖലയിലെ നവീകരണത്തിനും വികസനത്തിനുമായി ധാരാളം പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 2015-16 വർഷത്തെ അബ്കാരി നയരൂപീകരണ വേളയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി കൂടിയാലോചിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

(ബി) ഉണ്ട്. കള്ള് ചെത്ത് മേഖലയിലെ അംഗീകൃത ട്രേഡ് യൂണിയനുകളുടെ ആവശ്യം പരിഗണിച്ച് ലൈസൻസിംഗ് സമ്പ്രദായത്തിലൂടെ കള്ള് ഷാപ്പുകളുടെ വിൽപ്പന മൂന്ന് വർഷത്തേയ്ക്ക് ആക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ താലൂക്കിലെ കള്ള് ഷാപ്പുകളിലെ തൊഴിലാളികളുടെയും കൊടുങ്ങല്ലൂർ റെയ്ഞ്ചിലെ കള്ളുഷാപ്പുകളിലെ തൊഴിലാളികളുടെയും തൊഴിൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ടി കള്ളുഷാപ്പുകൾ റെയ്ഞ്ച് അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചു. കള്ളുഷാപ്പുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതെ കിടക്കുന്ന പ്രദേശങ്ങളിലെ കള്ളുചെത്ത് തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി നീര ഉല്പാദനത്തിന് സർക്കാർ അനുമതി നൽകി. കൂടാതെ, തൊഴിലാളികൾ നിരന്തരമായി ആവശ്യപ്പെട്ടിരുന്നതനുസരിച്ച് കള്ളുചെത്ത് മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കാണുന്നതിനുവേണ്ടി റെയ്ഞ്ച്തലംമുതൽ സംസ്ഥാനതലംവരെ സ്ഥിരം ഉപദേശക സമിതികൾക്ക് രൂപം നൽകി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

മാഫിയ-ക്രിമിനൽ ബന്ധമുള്ള എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

104 (3735) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പിരിറ്റ് മാഫിയ, മറ്റ് ക്രിമിനൽ സംഘങ്ങൾ എന്നിവരുമായി ബന്ധമുള്ള എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;